# ACADEMIC MASTER PLAN
# OF
# St. Joseph's H.S.
# Velielchal




# DREAMS 2025-26

**1937 MAY 22 - LP STARTED**

**1950 APRIL 19 UP STARTED**

**1982 MARCH 3 - HS STARTED**

# സമഗ്ര വിദ്യാലയ വികസന രേഖ

| | | |
|---|---|---|
| വിദ്യാലയത്തിന്റെ പേര് | : | സെന്റ്.ജോസഫ്സ് ഹൈസ്ക്കൂൾ<br>വെളിയേൽച്ചാൽ<br>തട്ടേക്കാട് പി.ഒ.<br>PIN: 686 681 |
| സ്കൂൾ കോഡ് | : | 27025 |
| ഫോൺ നമ്പർ | : | 0485-2571040 |
| വിദ്യാഭ്യാസ ഉപജില്ല | : | കോതമംഗലം |
| വിദ്യാഭ്യാസ ജില്ല | : | കോതമംഗലം |
| റവന്യൂ ജില്ല | : | എറണാകുളം |
| ബി.ആർ.സി. | : | ഗവ. യു.പി.എസ്. പിണ്ടിമന, ചേലാട് |
| ഗ്രാമപഞ്ചായത്ത് | : | കീരംപാറ |
| ബ്ലോക്ക് പഞ്ചായത്ത് | : | കോതമംഗലം |
| നിയമസഭാ മണ്ഡലം | : | കോതമംഗലം |
| താലൂക്ക് | : | കോതമംഗലം |
| ഹെഡ്മാസ്റ്റർ | : | **ഫാ. ജേക്കബ് എ.ജെ.** |

Email : velielchal27025@yahoo.in.

1937 May 22 - LP Started
1950 April 19 UP Started
1982 March 3 - HS Started

# Classwise strength

| 2024-25 | | | | 2025-26 | | | |
|---|---|---|---|---|---|---|---|
| എസ്.ടി.ഡി. | ആൺകുട്ടികൾ | പെൺകുട്ടികൾ | ആകെ | എസ്.ടി.ഡി. | ആൺകുട്ടികൾ | പെൺകുട്ടികൾ | ആകെ |
| 1 | 6 | 6 | 12 | 1 | 6 | 3 | 9 |
| 2 | 6 | 11 | 17 | 2 | 6 | 3 | 9 |
| 3 | 6 | 12 | 18 | 3 | 6 | 4 | 10 |
| 4 | 9 | 7 | 16 | 4 | 5 | 11 | 16 |
| 5 | 17 | 17 | 34 | 5 | 11 | 12 | 23 |
| 6 | 20 | 14 | 34 | 6 | 18 | 17 | 35 |
| 7 | 19 | 16 | 35 | 7 | 17 | 13 | 30 |
| 8A | 10 | 10 | 20 | 8A | 5 | 11 | 16 |
| 8B | 9 | 8 | 17 | 8B | 14 | 7 | 21 |
| 9 | 12 | 22 | 34 | 9 | 18 | 19 | 37 |
| 10 | 14 | 20 | 34 | 10 | 18 | 15 | 33 |
| | | | | | 124 | 115 | 239 |

# പിൻകാഴ്ച

പ്രകൃതിരമണീയമായ വെളിയേൽച്ചാൽ ഗ്രാമം.ഈ ഗ്രാമത്തിന് തിലകക്കുറിയായ് നിൽക്കുന്ന സെന്റ് ജോസഫ്സ് ഹൈസ്കൂൾ. ഗ്രാമീണ ജനതയുടെ ഭാവി വാഗ്ദാനങ്ങളെ വാർത്തെടുക്കുന്നതിൽ ഈ സ്കൂൾ നക്ഷത്രപ്രഭയായ് അന്നും ഇന്നും പ്രശോഭിക്കുന്നു. എറണാകുളം ജില്ലയിലെ കോതമംഗലം വിദ്യാഭ്യാസ ജില്ലയിലെ ഈ വിദ്യാലയം, അനേകരെ അറിവിന്റെ ലോകത്തിലേക്ക് ആനയിച്ച ഈ സരസ്വതി മന്ദിരം 1937 മെയ് 22നാണ് സ്ഥാപിതമായത്. ഈ സ്കൂളിന്റെ പ്രഥമ സ്കൂൾ മാനേജർ ഫാ. ലൂക്കോസ് കത്തനാർ കല്ലുങ്കലും, പ്രഥമ ഹെഡ്മാസ്റ്റർ ലൂയീസ് വടക്കേലും, ആദ്യ വിദ്യാർഥി തോമസ് അവിരാപ്പാട്ടും ആയിരുന്നു.

ദേവാലയത്തിലും വിദ്യാലയത്തിനുമായി ഓലിയപ്പുറം കുടുംബക്കാർ നൽകിയ 50 ഏക്കർ ഭൂമിയിൽ രണ്ട് ക്ലാസ് മുറികളോട് കൂടി ഒന്നാം ക്ലാസ് ആരംഭിച്ച ഈ വിദ്യാലയം, 1950 ഏപ്രിൽ 19ന് റവ. ഫാദർ ലൂയിസ് വടക്കാഞ്ചേരി മാനേജരായി സേവനം അനുഷ്ഠിച്ചിരുന്ന കാലത്ത് അഞ്ചാം ക്ലാസ് ആരംഭിക്കുകയും ഇത് ഒരു യു.പി.സ്കൂളായി ഉയർത്തപ്പെടുകയും ചെയ്തു. 1982 മാർച്ച് 3ൽ ഹൈസ്കൂളിന് അംഗീകാരം ലഭിച്ച ഈ വിദ്യാലയത്തിന്റെ മാനേജർ റവ. ഫാദർ എമ്മാനുവേൽ പീച്ചാട്ട് ആയിരുന്നു. പ്രഥമ ഹൈസ്കൂൾ ഹെഡ്മാസ്റ്റർ ആയി ശ്രീ. വി.പി. ദേവസ്യ നിയമിക്കപ്പെട്ടു. 1985 മാർച്ചിൽ രണ്ട് ഡിവിഷനുകളിലായി ആദ്യത്തെ എസ്.എസ്.എൽ.സി. ബാച്ചിലെ 52 കുട്ടികൾ ഉപരിപഠനത്തിന് യോഗ്യരായി.

"അക്ഷരക്കൂട്ടങ്ങളുടെ കളിക്കൂട്ടുകാരായി

അക്ഷരലോകത്തിന്റെ അനന്തവിഹായസ്സിലേക്ക്

അധ്യാപക-വിദ്യാർത്ഥി ബന്ധത്തിന്റെ ഊഷ്മളതയിലേക്ക്

സഹപാഠികളുടെ സൗഹൃദസാഗരത്തിലേക്ക്"

നാടിന്റെ ഭാവി വാഗ്ദാനങ്ങളായ കുഞ്ഞുങ്ങളെ വളർത്തിയെടുക്കാൻ എന്നും പ്രതിജ്ഞാബദ്ധരായാണ് ഈ സ്കൂളും സ്കൂൾ അന്തരീക്ഷവും. പതിനായിരക്കണക്കിന് കുട്ടികൾ പഠിച്ചിറങ്ങിയ 80 വർഷത്തെ ചരിത്രമുറങ്ങുന്ന ഈ സ്കൂളിന് ഇന്നിന്റെ ചാരുതയും ലാവണ്യവും നൽകുന്നതിനായി അക്ഷീണം പ്രയത്നിച്ച മഹദ് വ്യക്തികൾ ഏറെയാണ്.

1982 മുതൽ സെന്റ് ജോസഫ്സ് ഹൈസ്കൂൾ വെളിയേൽച്ചാലിനെ അമരത്തിരുന്നു നയിച്ചവർ

| സ്കൂൾ മാനേജർ | വർഷം |
|---|---|
| റവ. ഫാ. എമ്മാനുവേൽ പീച്ചക്കാട്ട് | 1982-1986 |
| റവ. ഫാ. ജോർജ് മുളഞ്ഞാനാനി | 1986-1987 |
| റവ. ഫാ. സ്റ്റെൻസിലാവോസ് നെടുപുറം | 1987-1988 |
| റവ. ഫാ. ജെയിംസ് കക്കുഴി | 1988-1989 |
| റവ. ഫാ. ജോസഫ് മുണ്ടക്കൽ | 1989-1993 |
| റവ.ഫാ. ജോസഫ് പാറയിൽ | 1993-1997 |
| റവ. ഫാ. കുര്യാക്കോസ് കച്ചിറമറ്റം | 1997-2000 |
| റവ.ഫാ. ജോസഫ് കാവുംപുറം | 2000-2005 |
| റവ. ഫാ. ജെയിംസ് വടക്കേക്കുടി | 2005-2008 |
| റവ. ഫാ. മാത്യു വടക്കുംപാടത്ത് | 2008-2012 |
| റവ. ഫാ. തോമസ് കുഴിഞ്ഞാലിൽ | 2012-2015 |
| റവ.ഫാ. തോമസ് പോത്തനാമുഴി | 2015-2018 |
| റവ. ഫാ. ജോർജ് തെക്കേറ്റത്ത് | 2018- |
| റവ. ഫാ. തോമസ് ജെ. പറയിടം | |
| റവ. ഫാ. ജോൺ പീച്ചാപ്പിള്ളിൽ | 2025 |

| പ്രധാനദ്ധ്യാപകർ | സേവനകാലം |
|---|---|
| ശ്രീ. വി.പി. ദേവസ്യ | 1982-88 |
| റവ.സി. റോസിറ്റ എഫ്.സി.സി. | 1988-93 |
| ശ്രീ. ജോൺ സി.ജെ. | 1993-96 |
| ശ്രീ. ജോസഫ് വി.സി. | 1996-98 |
| ശ്രീ. സക്കറിയ സി.എം. | 1998-99 |
| ശ്രീ. ജോൺ പി.സി. | 1999-2000 |
| ശ്രീ. ബേബി കെ.സി. | 2000-2006 |
| ശ്രീമതി ഏലിക്കുട്ടി എൻ.ജെ. | 2006-2007 |
| ശ്രീ. ജോസഫ് ജോർജ് | 2007-2009 |
| ശ്രീ. ജോസ് വർഗീസ് | 2009-2010 |
| ശ്രീ. ഡോണി പോൾ | 2010-2015 |
| ശ്രീമതി മേരി ജോൺ | 2015-2017 |
| ശ്രീ. ബാബു തോമസ് | 2017-2018 |
| റവ. സി.ഷീബ ജോസഫ് എസ്.ഡി. | 2018–2025 |
| റവ. ഫാ. ജേക്കബ് എ.ജെ. | 2025 തുടരുന്നു |

## മുൻവർഷങ്ങളിലെ എസ്.എസ്.എൽ.സി. റിസൾട്ട്

| Year | Result | Full A+ | No of Students Appeard Exam |
|---|---|---|---|
| 2009-2010 | 100% | 2 | |
| 2010-2011 | 98% | Nil | |
| 2011-2012 | 100% | 2 | |
| 2012-2013 | 100% | 4 | |
| 2013-2014 | 100% | Nil | |
| 2014-2015 | 98% | Nil | |
| 2015-2016 | 100% | Nil | |
| 2016-2017 | 100% | 3 | |
| 2017-2018 | 94% | 3 | |
| 2018-2019 | 98% | 1 | 51 |
| 2019-2020 | 94% | 1 | 32 |
| 2020-2021 | 100% | 5 | 26 |
| 2021-2022 | 100% | - | 43 |
| 2022-2023 | 100% | 1 | 26 |
| 2023-2024 | 100% | 2 | 29 |
| 2024-2025 | 100% | 2 | 34 |

സമീപ പ്രദേശങ്ങളായ ഞായപ്പിള്ളി, തട്ടേക്കാട്, പൂന്നേക്കാട്, കീരംപാറ, ഇഞ്ചത്തൊട്ടി, പാലമറ്റം, ചാരുപാറ തുടങ്ങിയ പ്രദേശങ്ങളിലെ കുട്ടികൾ വിദ്യാഭ്യാസ ത്തിലായി ഈ സ്ഥാപനത്തെയാണ് ആശ്രയിച്ചിരുന്നത്. നാടിന്റെ വെളിച്ചമായി അനേകർക്ക് ആശാകേന്ദ്രമായി പരിലസിക്കുന്ന ഈ വിദ്യാലയത്തിൽ ഇപ്പോൾ എൽ.കെ.ജി. മുതൽ പത്ത് വരെ ക്ലാസുകൾ നടന്നുവരുന്നു. 186 കുട്ടികളും 19 സ്റ്റാഫും അടങ്ങിയ ഈ സ്ഥാപനത്തിന്റെ ഇപ്പോഴത്തെ മനേജർ റവ.ഫാ. ജോർജ് തെക്കേറ്റത്തും ഹെഡ്മിസ്ട്രസ് റവ. സി. ഷീബ ജോസഫും ആണ്.

'വിദ്യാധനം സർവ്വധനാൽ പ്രധാനം' എന്നാണല്ലോ. വിദ്യാഭ്യാസമാകുന്ന മൂല ധനമാണ് ഞങ്ങൾ ഈ കുട്ടികളിൽ നിക്ഷേപിക്കുന്നത് നാടിന്റെ നന്മയ്ക്കും ലോക ത്തിന്റെ ഉന്നമനത്തിനും സ്വന്തം വ്യക്തിത്വ വളർച്ചക്കുമായി ഈ നിക്ഷേപങ്ങൾ നാളേക്ക് നല്ലൊരു മുതൽകൂട്ട് ആകട്ടെ. ഈ വിദ്യാർത്ഥികളിലൂടെ നല്ലൊരു നാളെയെ സ്വപ്നം കാണാം. നമ്മുടെ നാടിന്റെ ഭാവി സുരക്ഷിതമാക്കാം.

## ലക്ഷ്യങ്ങൾ

- കേരളത്തിന്റെ സാംസ്കാരികവും സാമൂഹികവും കാർഷികവും സർഗാത്മക വുമായ പാരസ്പര്യം കാത്ത് സൂക്ഷിക്കാനും ഭരണഘടനാ മൂല്യങ്ങൾ ഉൾക്കൊണ്ട് പ്രവർത്തിക്കുന്ന ഒരു സമൂഹസൃഷ്ടിക്കുതകും വിധം എല്ലാ കുട്ടി കൾക്കും വൈവിധ്യമാർന്ന അനുഭവമൊരുക്കാൻ കഴിയുക.
- 1 മുതൽ 10 വരെ ക്ലാസ്സിലെ കുട്ടികളുടെ സമഗ്രവികസനം ലക്ഷ്യമാക്കി പ്രവർത്തനങ്ങളിലേർപ്പെടാൻ കഴിയും വിധം സമൂഹത്തിലെ വിവിധ ഘടക ങ്ങളെ ഏകോപിപ്പിക്കുക.
- 20 വർഷം മുന്നിൽ കണ്ടു കൊണ്ട് വിദ്യാലയ വികസനപദ്ധതി തയ്യാറാ ക്കാനും വിവിധ മേഖലകളിൽ നിന്ന് (ഗവൺമെന്റ്, എം.എൽ.എ., എം.പി., ത്രിതലപഞ്ചായത്ത് വ്യവസായികൾ, പൂർവ്വവിദ്യാർത്ഥികൾ, എൻ.ആർ.ഐ.) വിഭവസമാഹരണം നടത്തി വിദ്യാലയത്തെ അന്താരാഷ്ട്ര നിലവാരമുള്ള താക്കി മാറ്റുക.
- വരും കാലത്തിന്റെ ആവശ്യങ്ങൾ മുൻകൂട്ടി മനസ്സിലാക്കി ആധുനിക സാങ്കേ തികവിദ്യ പ്രയോജനപ്പെടുത്തി അധ്യയനം ഉറപ്പാക്കുക.
- വിദഗ്ധരായ അധ്യാപകരുടെ സേവനം വിദ്യാലയങ്ങളിൽ ലഭ്യമാക്കുന്നതോ ടൊപ്പം വിദ്യാലയത്തിലെ ഓരോ അധ്യാപകന്റെയും അക്കാദമികവും സാങ്കേ തികവുമായ മികവ് വികസിപ്പിക്കുന്നതിനുള്ള പ്രവർത്തന പദ്ധതികൾ ആസൂ ത്രണം ചെയ്യുക.
- ഗവേഷണാത്മക അധ്യാപനത്തിനും ഗവേഷണാത്മക പഠനത്തിനും അവസര മൊരുക്കുകയും നിരന്തരം വിലയിരുത്തലിലൂടെ പരിമിതികൾ പരിഹരിച്ച് മുന്നേറുകയും ചെയ്യുക.
- പ്രാദേശിക വിഭവപടം തയ്യാറാക്കി പ്രതിഭകളുടെ സേവനം വിദ്യാലയത്തിൽ ലഭ്യമാക്കുക.
- കുട്ടികളുടെ സമഗ്രവികസനം ലക്ഷ്യമിടൽ
- അന്താരാഷ്ട്ര നിലവാരത്തിലുള്ള ധാരണ ഓരോ കുട്ടിയിലും ഉറപ്പാക്കൽ
- ജനകീയ പങ്കാളിത്തത്തോടെയുള്ള വിദ്യാലയ പ്രവർത്തനങ്ങൾ
- വെളിയേൽച്ചാൽ ഗ്രാമവികസനം വിദ്യാലയത്തിലെ കുട്ടികളിലൂടെ.

# വിദ്യാലയ വിഭവങ്ങൾ -
# ലഭ്യത, പര്യാപ്തത, ഉപയോഗക്ഷമത

## ഭൗതിക മികവുകൾ

ഓരോ വിദ്യാലയത്തിനും അതിന്റെ ഫലപ്രദമായ പ്രവർത്തിന് ഭൗതിക സാഹചര്യങ്ങൾ, മനുഷ്യവിഭവശേഷി, സമ്പത്ത്, വിവിധ സാമഗ്രികൾ, എന്നിങ്ങനെ വിവിധ തരം വിഭവങ്ങൾ വേണം. വിദ്യാർത്ഥികൾക്ക് സൗകര്യപ്രദവും സുരക്ഷിതത്ത്വവും സ്വാതന്ത്ര്യവും ശിശുസൗഹൃദപരമായ അന്തരീക്ഷമൊരുക്കണം. വിഭവങ്ങളുടെ കാര്യത്തിൽ പരിഗണിക്കപ്പെടേണ്ട ഏറ്റവും പ്രധാന സവിശേഷത ലഭ്യതയും കാര്യക്ഷമതയുമാണ്. ലഭ്യത എന്നതുകൊണ്ട് അർഥമാക്കുന്നത് സുരക്ഷിതത്ത്വവും ഗുണപ്രദമായ പഠനസാഹചര്യവും എല്ലാവർക്കും പ്രാപ്തമാക്കലാണ്. കാര്യക്ഷമത എന്നത് ലഭ്യമായ വിഭവങ്ങളുടെ ഏറ്റവും ഫലപ്രദമായ ഉപയോഗമാണ്. ഉയർന്ന നിലവാരത്തിലുള്ള ആരോഗ്യ സുരക്ഷ സംവിധാനങ്ങൾ ഉറപ്പുവരുത്തി ലഭ്യമായ വിഭവങ്ങൾ ഫലപ്രദമായി ഉപയോഗിക്കുമ്പോൾ ഒരു വിദ്യാലയം മികവുറ്റതാകുന്നു. വിദ്യാലയത്തിന് ആകെ ലഭ്യമായ സ്ഥലം 3.5 ഏക്കർ ആണ്. സ്കൂളിന് വിശാലമായ മുറ്റവും കുട്ടികൾക്ക് കായികവിനോദങ്ങൾക്കായി വിസ്തൃതമായ കളിസ്ഥലവും ഉണ്ട്.

വിദ്യാലയത്തിന്റെ ഫലപ്രദമായ നടത്തിപ്പിനാവശ്യമായ രണ്ട് കെട്ടിടങ്ങൾ നമുക്കുണ്ട്.

## 1. STRENGTH

| STD | 2019-2020 | | | 2020-2021 | | |
|---|---|---|---|---|---|---|
| | BOYS | GIRLS | TOTAL | BOYS | GIRLS | TOTAL |
| K G | 6 | 5 | 11 | 6 | 6 | 12 |
| I | 2 | 2 | 4 | 4 | 6 | 10 |
| II | 6 | 3 | 9 | 5 | 2 | 7 |
| III | 2 | 5 | 7 | 7 | 4 | 11 |
| IV | 4 | 4 | 8 | 2 | 5 | 7 |
| V | 7 | 8 | 15 | 8 | 7 | 15 |
| VI | 6 | 6 | 12 | 7 | 6 | 13 |
| VII | 8 | 9 | 17 | 6 | 6 | 12 |
| VIII | 20 | 20 | 40 | 14 | 9 | 23 |
| IX | 11 | 18 | 29 | 24 | 28 | 52 |
| X | 17 | 15 | 32 | 8 | 18 | 26 |
| GRAND TOTAL | | | 184 | GRAND TOTAL | | 188 |

## 2. സെൻട്രൽ ലൈബ്രറി



ആധുനിക രിതിയിൽ ക്രമീകരിക്കപ്പെട്ട 1200 പുസ്തകങ്ങൾ ഉൾക്കൊള്ളുന്ന ഒരു സെൻട്രൽ ലൈബ്രറി നമ്മുടെ സ്കൂളിൽ നിലവിലുണ്ട്. എല്ലാ ക്ലാസിനും ആഴ്ചയിൽ ഒരു മണിക്കൂർ സ്കൂൾ ലൈബ്രറി ഉപയോഗിക്കാൻ അവസരം ലഭിക്കുന്നു. കുട്ടികൾക്ക് വായനയിൽ താൽപര്യം ഉണർത്തുവാനായി അവർ വായിച്ച പുസ്തകങ്ങളെക്കുറിച്ച് ആസ്വാദനക്കുറിപ്പ് തയ്യാറാക്കുകയും മികച്ചവയ്ക്ക് സമ്മാനങ്ങൾ നൽകുകയും ചെയ്തുവരുന്നു.



### 3. കമ്പ്യൂട്ടർ ലാബ്





## 4. ക്ലാസ് ലൈബ്രറി





വായനയിൽ അധിഷ്ഠിതമായ പഠനത്തിന് ഊന്നൽനൽകുന്നതിന്റെ ഭാഗമായി ക്ലാസുകളിൽ തന്നെ ലൈബ്രറി സജ്ജീകരിക്കുകയും ഓരോ കുട്ടിക്കും ലഭിക്കത്തക്ക വിധത്തിൽ പുസ്തകങ്ങൾ ക്രമീകരിക്കുകയും ചെയ്തിരിക്കുന്നു.

## . Hornbil Radio









വിദ്യാർഥികളുടെ സർഗ്ഗശേഷി വികസനത്തിനായി ഒഴിവുസമയങ്ങൾ പ്രയോ നപ്പെടുത്തി കുട്ടികളുടെ ആകാശവാണിയായ Hornbill Radio നടത്തിവരുന്നു. തിന്റെ നടത്തിപ്പിനായി പ്രത്യേക റേഡിയോ സ്റ്റേഷൻ സജ്ജീകരിക്കുകയും എല്ലാ ാസുകളിലേക്കും ഇതിന്റെ സംപ്രേഷണം എത്തുന്ന വിധത്തിൽ സംവിധാനങ്ങൾ ഉൾപ്പെടുത്തുകയും ചെയ്തിരിക്കുന്നു. പ്രദേശവാസികൾക്ക് കൂടി ഇതിന്റെ സംപ്രേ ഷണം ലഭ്യമാകുന്ന വിധത്തിൽ 5 കി.മീ. ചുറ്റളവിൽ Hornbill Radio സംപ്രേഷണം ടത്തുന്നു. ക്ലാസ് അടിസ്ഥാനത്തിൽ എല്ലാ ദിവസവും 15 മിനിറ്റും, ക്ലാസുകളി ലേക്ക് മാസത്തിൽ ഒന്ന് എന്ന രീതിയിൽ ബെസ്റ്റ് പ്രോഗ്രാംസ് ഉൾപ്പെടുത്തി പുറ ത്തേക്കും സംപ്രേഷണം ചെയ്യുന്നു.

## 6. സയൻസ് ലാബ്





ആധുനികവും ക്രമീകൃതവുമായ രീതിയിൽ കുട്ടികൾക്ക് ഏറെ പ്രയോജനപ്രദമായ ഒരു സയൻസ് ലാബ് സജ്ജീകരിക്കാൻ നമുക്ക് സാധിച്ചു എന്നതും അഭിമാനാർഹമാണ്. ഫിസിക്സ്, കെമിസ്ട്രി, ബയോളജി വിഷയങ്ങളുടെ പ്രായോഗിക പഠനം സാധ്യമാകുന്ന വിധത്തിലാണ് ലാബ് ക്രമീകരിച്ചിരിക്കുന്നത്.

## 7. മാത്സ് ലാബ്




ഗണിതം എളുപ്പവും രസകരവുമാക്കുന്നതിനുവേണ്ടി ഗണിതലാബും ഗണിത കിറ്റും ഒരുക്കിയിരിക്കുന്നു.

## 8.ഹെറിറ്റേജ് മ്യൂസിയം






ഗതകാല പ്രൗഢിയെ വിളിച്ചറിയിക്കുന്ന പുരാവസ്തുക്കളുടെ വൻശേഖരം നമ്മുടെ ഹെറിറ്റേജ് മ്യൂസിയത്തിൽ ഒരുക്കിയിരിക്കുന്നു.

## 9. സ്പേസ് ലാബ്





ശാസ്ത്രാഭിരുചിയും ഗവേഷണത്വരയും കുട്ടികളിൽ വളർത്തുന്നതിനും ഉതകുന്ന വിധത്തിൽ ആകർഷകമായ രീതിയിൽ ഒരു സ്പേസ് ലാബ് സജ്ജീകരിച്ചിരിക്കുന്നു.

## 10. മിനി തിയറ്റർ









കുട്ടികളുടെ വിവിധ കഴിവുകൾ വളർത്താനും അവതരിപ്പിക്കാനും സർഗ്ഗശേഷി ഉണർത്തുന്ന പരിപാടികൾ കാണാനും കേൾക്കാനും ഉതകുന്ന എൽ.സി.ഡി. പ്രൊജക്ടർ, സൗണ്ട് സിസ്റ്റം എന്നീ സൗകര്യങ്ങളോടുകൂടിയ മിനി തീയേറ്റർ പ്രവർത്തന സജ്ജമാണ്.

## 11. കിഡ്സ് അത്‌ലറ്റിക് കിറ്റ്









എൽ.പി. കുട്ടികൾക്ക് പൂർണ്ണമായ തോതിലുള്ള കായികവിദ്യാഭ്യാസം ലഭ്യമാക്കുന്നതിനുതകുന്ന വിധത്തിലുള്ള അത്‌ലറ്റിക് കിറ്റ് സജ്ജീകരിച്ചിരിക്കുന്നു.